## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **638** — **03.04.2018**-ൽ മറുപടിയ്ക്ക്

## പട്ടികജാതി ഉപപദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.കെ. ബാബു | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി.) പ്രകാരം നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) പ്രകാരം നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി<br>2. ഭവനരഹിതർക്ക് ഭവനം<br>3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ<br>4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്<br>5. പഠനമുറികൾ<br>6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേർണൻസ് സംരംഭങ്ങൾ<br>7. പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)<br>8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം<br>9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം<br>10. വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്<br>11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തി നായുള്ള ധനസഹായം<br>12. തൊഴിലിനും, പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം<br>13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായം |

| | | | |
|---|---|---|---|
| | | | 14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം<br>15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും(50% സംസ്ഥാനവിഹിതം)<br>16. വാത്സല്യനിധി പദ്ധതി<br>17. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>18. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ<br>(a) പ്രധാനമന്ത്രി ആവാസ് യോജന {പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)<br>(b) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി ( 40% സംസ്ഥാന വിഹിതം)<br>19. പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം<br>കൂടാതെ താഴെ പറയുന്ന 100% കേന്ദ്ര സഹായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>20. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>21. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ<br>22. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന<br>23. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ<br>24. 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് |
| (ബി) | പട്ടികജാതിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളായ ഭവന രാഹിത്യവും ഭൂരാഹിത്യവും പരിഹരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും, മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെൻറ് ഭൂമിയെങ്കിലും വാങ്ങുന്നതിനും, ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/- രൂപ ഗ്രാൻറായി അനുവദിക്കുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 18000.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വിഹിതത്തിൽ 26/03/2018 വരെ 16676.632 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ഗ്രാമപ്രദേശത്ത് 2 സെൻറും, നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെൻറ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാലിസ്റ്റിൽപ്പെട്ട പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിഭാഗക്കാരായ ഭവനരഹിതർക്കാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണ ധനസഹായ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 50000.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വിഹിതത്തിൽ 26/03/2018 വരെ 42939.993 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | തൊഴിലിനും തൊഴിൽ പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) | 1. അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീകോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO യുമായി ബന്ധപ്പെട്ട് നടത്തി വരുന്നു.<br>3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യൂബേഷൻ സെൻറർ ആരംഭിക്കുന്നതിനുള്ള സഹായവും നൽകി വരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി Revolving fund നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.<br>4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെൻറ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി<br>5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി<br>6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് (വകുപ്പ് മുഖേന) 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി. |

സെക്ഷൻ ഓഫീസർ